**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5483** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ , ശ്രീ. അൻവർ സാദത്ത് , ശ്രീ. ഐ .സി .ബാലകൃഷ്ണൻ , ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നൽകുന്ന തൊഴിൽ ദിവസത്തിനു പുറമേ അധിക തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?; | (എ) | ട്രൈബൽ പ്ലസ് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭിച്ചു കഴിഞ്ഞാൽ 100 ദിവസം കൂടി അധിക തൊഴിൽ നൽകുന്ന പദ്ധതിയാണ് ട്രൈബൽ പ്ലസ്. ഈ പദ്ധതി പ്രകാരം 2020 – 21 വർഷം 29,252 കുടുംബങ്ങൾക്ക് 9,56,123 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2020 - 21 വർഷം പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ നൽകിയതിൽ സംസ്ഥാനം ദേശീയ തലത്തിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. കേരളത്തിൽ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ 90.47 ശതമാനമാണ്. ഇത് ദേശീയതലത്തിൽ 58.99 ശതമാനമാണ്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായവർക്ക് വേണ്ടി നാളിതുവരെ ഏതെല്ലാം വകുപ്പുകളിലേക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് 2018 ൽ പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളെ സ്പെഷ്യൽ ഡ്രൈവിലൂടെ പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ നിയമിച്ചിട്ടുണ്ട്. വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ നിന്ന് പോലീസ്, എക്സൈസ്, വകുപ്പുകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ആകെ 100 പേർക്കാണ് നിയമനം ലഭിച്ചിട്ടുള്ളത്. വനം വകുപ്പിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 500 ട്രൈബൽ ബീറ്റ് ഫോറസ്റ്റ് ആഫീസർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ